**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3202** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി പരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹാജർ കുറവ് മാപ്പാക്കി ഹയർ സെക്കന്ററി ഒന്നാം വർഷ / രണ്ടാം വർഷ പരീക്ഷ എഴുതുവാനുള്ള പ്രത്യേക അനുമതി നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സാഹചര്യങ്ങളിലാണ് പ്രത്യേക അനുമതി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്.<br><br>75 ശതമാനത്തിൽ താഴെ ഹാജരുള്ള വിദ്യാർത്ഥികൾക്കാണ് ഹാജർ ഇളവ് അനുവദിച്ച് പ്രത്യേക ഉത്തരവ് നൽകുന്നത്.<br><br>ഹാജർ കുറവ് പരിഹരിക്കാൻ വിദ്യാർത്ഥികൾ അപേക്ഷ നൽകുമ്പോൾ ഹാജരാകാത്തതിന്റെ കാരണവും മെഡിക്കൽ സർട്ടിഫിക്കറ്റുകളും സഹിതം ബന്ധപ്പെട്ട കാലയളവിൽ തന്നെ പ്രിൻസിപ്പാൾമാർ മുഖേന ബന്ധപ്പെട്ട മേഖല ഉപമേധാവിക്ക് സമർപ്പിക്കണം. പരീക്ഷ മാന്വൽ, പരീക്ഷ വിജ്ഞാപനം എന്നിവ പ്രകാരം 50% മുതൽ 75% വരെ ഹാജർ നിലയുള്ള റെഗുലർ വിദ്യാർത്ഥികൾക്കാണ് പരീക്ഷ എഴുതുവാൻ പ്രത്യേക അനുമതി നൽകുന്നത്. 60% മുതൽ 75% വരെ മേഖല ഉപമേധാവിയും, 50% മുതൽ 60% വരെ പൊതുവിദ്യാഭ്യാസ ഡയറക്ടറും ഹാജർ ഇളവ് അനുവദിക്കുന്നു. 50%-ൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ മാന്വൽ പ്രകാരം പരീക്ഷ എഴുതുവാൻ അർഹതയില്ല. |
| (ബി) | ഒന്നാം വർഷ പരീക്ഷ എഴുതുവാൻ പ്രത്യേക അനുമതി ലഭിച്ചവർക്ക് രണ്ടാം വർഷം പ്രത്യേക അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | തടസ്സമുണ്ട്.<br><br>പരീക്ഷ മാന്വൽ ചാപ്റ്റർ 2 (4) (d) (5), 2025 പരീക്ഷ വിജ്ഞാപനം (Appendix-19) എന്നിവ പ്രകാരം ഒരു കോഴ്സ് ഓഫ് സ്റ്റഡിയിൽ ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഹാജർ ഇളവ് അനുവദിക്കാൻ കഴിയുകയുള്ളൂ. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ / രണ്ടാം വർഷ പരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്; വിദ്യാർത്ഥികളുടെ പേരും സ്കൂളും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു |

| | | | |
|---|---|---|---|
| (ഡി) | സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ചിട്ടുള്ള ഏതെങ്കിലും വിദ്യാർത്ഥികൾക്ക് അർഹതയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ എഴുതുവാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | പരീക്ഷ എഴുതാൻ കഴിയാതെ വന്നതായി നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹാജർ കുറവിൽ ഇളവ് വരുത്തി പരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവിറക്കിയിട്ടും പ്രസ്തുത ഉത്തരവിൽ വ്യക്തത വരുത്തണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) ആവശ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | ഈ അധ്യയന വർഷം എത്ര വിദ്യാർത്ഥികളുടെ പ്രത്യേക അനുമതി ഉത്തരവുകളിലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ; | (എഫ്) | നാല്.<br><br>തൃശ്ശൂർ, വടക്കേക്കാട് ഐ.സി.എ ഇംഗ്ലീഷ് എച്ച്.എസ്.എസ്-ൽ കൊമേഴ്സ് വിദ്യാർത്ഥികളായ എം.കെ. മുഹമ്മദ് ഷബിൽ, മുഹമ്മദ് ഇർഫാൻ, മുഹമ്മദ് ജിനാദ് എന്നീ വിദ്യാർത്ഥികൾക്ക് ഒന്നാംവർഷ ഹാജർ ഇളവ് അനുവദിച്ചിട്ടും രണ്ടാം വർഷത്തിലും ഹാജരിളവ് അനുവദിച്ച വിഷയത്തിലും, എം.ജി.എം. എച്ച്.എസ്.എസ് മാനന്തവാടി, വയനാട് സ്കൂളിലെ ഒരു വിദ്യാർത്ഥിക്ക് രണ്ടാം വർഷം റീ-അഡ്മിഷൻ എടുക്കാതെ ഹാജരിളവ് അനുവദിച്ചതിനെത്തുടർന്നും. |
| (ജി) | സർക്കാർ ഉത്തരവിൽ വ്യക്തത ആവശ്യപ്പെട്ട് അനാവശ്യമായ കാലതാമസം വരുത്തി വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാനുള്ള അവസരം നിഷേധിക്കുവാൻ ശ്രമിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ജി) | അനാവശ്യമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ